LIBRARY ARCHIVES Kerala Legislative Assembly

വിദേശമദ്യ വില്പനയിലൂടെയുള്ള വരുമാനം

58 [341] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ ബിവറേജസ് കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവ വഴി വിറ്റഴിച്ച ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഓരോ വർഷത്തേയും വരുമാനം എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) 2002 ഏപ്രിൽ മുതൽ 2003 ഏപ്രിൽ വരെ ഓരോ മാസത്തേയും വരുമാനം എത്രവീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

സംസ്ഥാനത്ത് വിൽപ്പന നടത്തിയ വിദേശമദ്യം

59 [342] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, എ. സുജനപാൽ :

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :

,, എ. പി. അനിൽകുമാർ :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഡിസംബർ 20 മുതൽ 2004 ജനുവരി 7 വരെ സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള വിദേശമദ്യം വില്പന നടത്തിയിട്ടുണ്ട്;

(ബി) ഇക്കാലത്ത് സംസ്ഥാനത്ത് ഒരാൾ ശരാശരി എത്ര മദ്യം കഴിച്ചിട്ടുണ്ടെന്ന് കണക്കാക്കാം;

(സി) ഗാന്ധി ജയന്തി, ശ്രീനാരായണഗുരു സമാധി എന്നീ ദിനങ്ങളിൽ മദ്യ വില്പന തടഞ്ഞിട്ടുള്ളതുപോലെ ക്രിസ്തുമസ്സിനും നവവൽസരദിനത്തിനും മദ്യ വില്പന തടയുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 95.21 കോടി രൂപയ്ക്കുള്ള വിദേശമദ്യം വിറ്റിട്ടുണ്ട്.

†അനുബന്ധം IV

††അനുബന്ധം IV A

(ബി) സംസ്ഥാനത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരാളിന്റെ ശരാശരി ഉപഭോഗം ഏകദേശം 168 മില്ലി ലിറ്ററാണ്.

(സി) നവവത്സരദിനം ഉൾപ്പെടെ എല്ലാ മാസവും ഒന്നാം തീയതി മദ്യ വില്പന ശാലകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. മദ്യം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന സന്ദർഭങ്ങളിൽ നിയമവിധേയമായ മദ്യം ലഭ്യമല്ലാതിരുന്നാൽ അനധികൃതമദ്യം മാത്രം ചെലവാവുകയും മദ്യ ദുരന്തങ്ങളുണ്ടാവുകയും ചെയ്യാൻ സാദ്ധ്യതയുണ്ട്. അതിനാൽ ഇക്കാര്യം പ്രായോഗികമല്ല.

ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ വില്പനയിൽ നിന്നുള്ള വരുമാനം

60 [343] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വില്പന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) ബിവറേജസ് കോർപ്പറേഷൻ 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ യഥാക്രമം എത്ര തുകയുടെ മദ്യ വില്പനയാണ് നടത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത വർഷങ്ങളിൽ കോർപ്പറേഷനുണ്ടായ വരുമാനം എത്രയാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) ഇതേ കാലയളവിൽ ഡ്യൂട്ടിയിനത്തിലും വിൽപ്പന നികുതി ഇനത്തിലും ലഭിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 305 എണ്ണം.

(ബി) 106 എണ്ണം.

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഡി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

(ഇ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

†അനുബന്ധം V

††അനുബന്ധം V A

LIBRARY ARCHIVES Kerala Legislative Assembly